**KERALA POLICE INFORMATION CENTRE**

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.66/PR/PIC/PHQ/18 Date : 14.03.2018

---

## മുതിർന്ന പൗരന്മാരുടെ സുരക്ഷ ചർച്ച നടത്തി

'മുതിർന്ന പൗരന്മാരുടെ സംരക്ഷണവും സുരക്ഷയും സംബന്ധിച്ച് തിരുവനന്തപുരം റൂറൽ പോലീസ് സംഘടിപ്പിച്ച ഏകദിന ശില്പശാല പോലീസ് ട്രെയിനിങ് കോളേജിൽ റേഞ്ച് ഐ ജി മനോജ് എബ്രഹാം ഉദ്ഘാടനം ചെയ്തു. റൂറൽ ജില്ലാ പോലീസ് മേധാവി പി അശോക് കുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ റൂറൽ ജില്ലയിലെ നാന്നൂറോളം മുതിർന്ന പൗരന്മാർ പങ്കെടുത്തു. ചർച്ചയിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സ്റ്റാഫ് അംഗം ഡോ രാധികാ സി നായർ, വെള്ളനാട് കരുണാസായി ഡയറക്ടർ ഡോ മധുജൻ വിനോദ് വെള്ളയാണി എന്നിവരും സംസാരിച്ചു. മുതിർന്ന പൗരന്മാരുടെ പ്രശ്നങ്ങൾ റൂറൽ ജില്ലയിലെ ഡിവൈ എസ് പി മാർ , എസ് എച്ച് ഒ മാർ മറ്റ് ജനപ്രതിനിധികൾ, ശില്പശാലയിൽ പങ്കെടുത്ത മുതിർന്ന പൗരന്മാർ എന്നിവർ അവതരിപ്പിച്ചു. ഇവയ്ക്ക് പരിഹാര മാർഗ്ഗങ്ങൾ ഉൾപ്പെട്ട പുതിയ കർമ്മപദ്ധതിക്ക് രൂപം നൽകുമെന്ന് ജില്ലാ പോലീസ് മേധാവി അശോക് കുമാർ ഉറപ്പു നൽകി.

****************